# പ്രവാചക ചരിത്ര സംഗ്രഹം

﴿ مختصر سيرة النبي صلى الله عليه وسلم ﴾

[ Malayalam –മലയാളം –مليالم]

ശർഖാൻ അൽ ഗാംദി

شرقان الغامدي

പരിഭാഷ: സയ്യിദ് സഅ്ഫർ സ്വാദിഖ്

ترجمة: سيد سعفر صادق

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്'വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض–المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

**<u>ജനനം മുതൽ പ്രവാചകത്വം വരെ</u>**

**<u>പ്രവാചകത്വത്തിന് 40 വർഷങ്ങൾക്ക് മുമ്പ് ആനക്കലഹ വർഷം ക്രിസ്താബ്ദം: 571.</u>**

1– പ്രവാചകൻﷺയുടെ പിതാവ് അബ്ദുല്ലാ ഇബ്നു അബ്ദുൽ മുത്തലിബിന്റെ മരണം. അദ്ദേഹത്തിനന്ന് 24 വയസായിരുന്നു.

2– വിശുദ്ധ കഅബ പൊളിക്കുവാനായി അബ്രഹത്തിന്റെ പട്ടാളം മക്കയിലേക്ക് വരുന്നു.

3– റബിഉൽ അവ്വൽ 12 തിങ്കളാഴ്ച പ്രവാചകൻﷺയുടെ ജനനം.

**<u>പ്രവാചകത്വത്തിന് 36 വർഷങ്ങൾക്ക് മുമ്പ് ക്രിസ്താബ്ദം: 575.</u>**

ബനൂസഅദ് ഗോത്രത്തിൽ താമസിക്കുന്നതിനിടക്ക് പ്രവാചകൻﷺയുടെ നെഞ്ച് പിളർത്തിയ സംഭവം നടക്കുന്നു. അന്ന് തിരുമേനിﷺക്ക് നാല് വയസായിരുന്നു.

**<u>പ്രവാചകത്വത്തിന് 34 വർഷങ്ങൾക്ക് മുമ്പ് ക്രിസ്താബ്ദം: 557.</u>**

1– ഉമ്മയോടൊപ്പം യഥ്രിബിലേക്കുള്ള യാത്ര.

2– മക്കയുടെയും മദീനയുടെയും ഇടക്കുള്ള പ്രദേശമായ അബാവാഅ് എന്ന സ്ഥലത്ത് വെച്ച് മാതാവ് മരണപ്പെടുന്നു. അന്ന് തിരുമേനിക്ക് 6 വയസായിരുന്നു.

3– വല്ലുപ്പയായിരുന്ന അബ്ദുൽ മുത്തലിബ് തിരുമേനിﷺയെ ഏറ്റെടുക്കുന്നു.

**<u>പ്രവാചകത്വത്തിന് 32 വർഷങ്ങൾക്ക് മുമ്പ് ക്രിസ്താബ്ദം: 578.</u>**

വല്ലുപ്പയായ അബ്ദുൽ മുത്തലിബ് മരണപ്പെടുന്നു. അദ്ദേഹത്തിനന്ന് 82 വയസ്സായിരുന്നു. തുടർന്ന് എളാപ്പയായ അബൂത്വാലിബ് തിരുമേനിﷺയെ ഏറ്റെടുക്കുന്നു. അന്ന് പ്രവാചകന് 8 വയസ്സായിരുന്നു.

**<u>പ്രവാചകത്വത്തിന് 28 വർഷം മുമ്പ് ക്രിസ്താബ്ദം: 582.</u>**

1– തന്റെ എളാപ്പയുടെ കൂടെ ശാമിലേക്ക് വേനൽകാല യാത്രയിൽ കൂടെ പോകുന്നു. അന്ന് തിരുമേനിക്ക് 12 വയസ്സായിരുന്നു.

2– മക്കക്കാർക്ക് വേണ്ടി തിരുമേനിﷺആടിനെ മേയ്ക്കുന്നു.

**<u>പ്രവാചകത്വത്തിന് 20 വർഷങ്ങൾക്ക് മുമ്പ് ക്രിസ്താബ്ദം: 590.</u>**

1– അഭിശപ്ത യുദ്ധം (ത്തർബുൽ ഫുജാർ) എന്ന യുദ്ധത്തിൽ തന്റെ എളാപ്പമാരോടൊപ്പം തിരുമേനിﷺ പങ്കെടുക്കുന്നു.
2– അഭിശപ്ത യുദ്ധം കഴിഞ്ഞ് നാല് മാസങ്ങൾക്ക് ശേഷം തന്റെ എളാപ്പമാരോടൊപ്പം ''ഹൽഫുൽ ഫുളൂൽ" എന്ന സന്ധി യിൽ പങ്കെടുക്കുന്നു. ഈ സന്ധി അക്രമത്തിനിരയായവരെ സഹായിക്കുവാൻ മക്കക്കാർ ഉണ്ടാക്കിയ സന്ധിയാണ്.

<u>**പ്രവാചകത്വത്തിന് 15 വർഷങ്ങൾക്ക് മുമ്പ് ക്രിസ്താബ്ദം: 595.**</u>

1– ഖദീജാ(رضي الله عنها)യുടെ കച്ചവട ചരക്കുമായി ശാമിലേക്ക് തിരുമേനിﷺ യാത്ര പോകുന്നു.
2– ഖദീജയുമായുള്ള വിവാഹം. അന്ന് തിരുമേനിﷺക്ക് 25 വയസ്സായിരുന്നു.

<u>**പ്രവാചകത്വത്തിന് 5 വർഷങ്ങൾക്ക് മുമ്പ് ക്രിസ്താബ്ദം: 605.**</u>

1– ഫാത്വിമ(رضي الله عنها)യുടെ ജനനം.
2– കഅബ പുതുക്കി പണിയുകയും, ഹജറുൽ അസ്‌വദ് വെക്കേണ്ട സന്ദർഭം വന്നപ്പോഴുണ്ടായ തർക്കത്തിൽ പ്രവാചകനെ മധ്യസ്ഥനായി സ്വീകരിക്കുകയും അദ്ദേഹത്തിന്റെ തീരുമാനം അംഗീകരിക്കുകയും ചെയ്യുന്നു.

<u>**പ്രവാചകത്വത്തിന് 2 വർഷങ്ങൾക്ക് മുമ്പ്.**</u>

പ്രവാചകത്വം ലഭിക്കുന്നതിനുള്ള അടയാങ്ങൾ വെളിവാകുന്നു. ഹിറാ ഗുഹയിലുള്ള ആരാധനകൾ. കാണുന്ന സ്വപ്നങ്ങൾ സത്യ മായി പുലരുന്നു.

# മക്കാ കാലഘട്ടം

<u>(പ്രവചകത്വത്തിന്റെ 1 മുതൽ 13 വർഷം വരെ)</u>

<u>**പ്രവാചകത്വത്തിന്റെ ഒന്ന്, രണ്ട്, മൂന്ന് എന്നീ വർഷങ്ങൾ**</u>

1– ഹിറാ ഗുഹയിൽ വെച്ച് പ്രവാചകന് ആദ്യമായി വഹ്‌യ് ഇറങ്ങുന്നു. അന്ന് തിരുമേനി ﷺ ക്ക് 40 വയസായിരുന്നു. അതിന് ശേഷം മുഹമ്മദ് ഈ സമുദയാത്തിലേക്കുള്ള പ്രവാചകനാണെന്ന് മനസിലാക്കുകയും, അറിയിക്കുകയും ചെയ്ത വറകത്ത്ബ്നു നൗഫലിന്റെടുത്തേക്ക് ഖദീജയു(رضي الله عنها) ടെ കൂടെ തിരുമേനി ﷺ പോകുന്നു.
2– പ്രബോധനത്തിന്റെ ആദ്യത്തിൽ തന്നെ ഖദീജ(رضي الله عنها), അലിﷺ, സൈദ്ബ്നു ഹാരിഥﷺ, അബൂബക്കർ സിദ്ധീഖ്ﷺ എന്നി വർ ഇസ്ലാം സ്വീകരിക്കുന്നു.

3– രഹസ്യമായ ഇസ്ലാമിക പ്രബോധനം. ഉഥ്മാൻബ്നു അഫ്ഫാൻﷺ , സുബൈറുബ്നു അവാംﷺ, അബ്ദുർറഹ്മാനുബ്നു ഔഫ്ﷺ, ത്വൽഹബ്നു ഉബൈദില്ലാഹﷺ എന്നിവർ അബൂബക്കർ സിദ്ധീഖ്ﷺ മുഖേന ഇസ്ലാം സ്വീകരിക്കുന്നു.
4– അബൂ ഉബൈദ, അർഖംബ്നു അർഖം, ഉഥ്മാൻബ്നു മള്ഊനും അദ്ദേഹത്തിന്റെ രണ്ട് സഹോദരന്മാരും, ഉബൈദത്ബ്നു ഹാരിഥും, സഈദ്ബ്നു സൈദും, ജഅ്ഫറുബ്നു അബൂത്വാലിബും, ഖബ്ബാബ്നു അറതും, അബ്ദുല്ലാഇബ്നു മസ്ഊദുംﷺഫാത്വിമ ബിന്ത് ഖത്വാബും (رضي الله عنها), മുസ്ഹബ് ബ്നു ഉമൈറുംﷺ ഇസ്ലാം സ്വീകരിക്കുന്നു.

## പ്രവാചകത്വത്തിന്റെ നാലം വർഷം

'നിന്നോട് കൽപിക്കപ്പെട്ടത് നീ ഉറക്കെ പറയുക' എന്ന വിശുദ്ധ ഖുർആനിലെ ആയത്തിറങ്ങിയതോടെ പരസ്യമായി പ്രബോധനം നടത്തുന്നു.

## പ്രവാചകത്വത്തിന്റെ അഞ്ചാം വർഷം

1– അബ്സീനയയിലേക്കുള്ള ഒന്നാം ഹിജ്റ. 12 പുരുഷന്മാരും, 4 സ്ത്രീകളും. അവരിൽ ഉഥ്മാനുബ്നു അഫ്ഫാനുംﷺ, ഭാര്യ പ്രവാചകന്റെ പുത്രിയ റുഖിയ(رضي الله عنها)യും ഉണ്ടാ യി രുന്നു.

2– അബ്സീനിയയിലേക്കുള്ള രണ്ടാം ഹിജ്റ. 83 പുരുഷന്മാരും, 19 സ്ത്രീകളും.

## പ്രവാചകത്വത്തിന്റെ ആറാം വർഷം

1– ഹംസാﷺവിന്റെ ഇസ്ലാം സ്വീകരണം. ഉമർﷺവിന്റെയും ഇസ്ലാം സ്വീകരണം.
2– അബ്സീനയയിലേക്ക് ഹിജ്റ പോയ മുസ്ലിംകളെ തിരിച്ചയക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് രാജാവിന്റെടുത്തേക്ക് ഖുറൈശികളുടെ ദൂതനായി അമ്രിബ്നൽ ആസ്ﷺനെ നിയോഗിക്കുന്നു.

## പ്രവാചകത്വത്തിന്റെ ഏഴാം വർഷം

'ശിഹ്ബ് അബൂ ത്വാലിബ് ' എന്ന് പറയുന്ന മലഞ്ചെരുവിൽ മുസ്ലിംകളെ ബന്ധിക്കളാക്കുകയും, അവരുമായുള്ള മുഴുവൻ ബന്ധ ങ്ങളും വിഛേധിക്കുവാനുള്ള കരാർ ഉണ്ടാക്കുന്നു. ഈ ഉപരോധം മൂന്ന് വർഷത്തോളം നീണ്ട് നിന്നു.

## പ്രവാചകത്വത്തിന്റെ എട്ട്, ഒൻപത് എന്നീ വർഷം

1– ശിഹ്ബ് അബൂ ത്വാലിബിൽ മുസ്ലിംകൾക്കെതിരെയുള്ള ഉപരോധം തുടരുന്നു.

2– ചന്ദ്രനെ പിളർത്തിയ സംഭവം നടക്കുന്നു.

**<u>പ്രവാചകത്വത്തിന്റെ പത്താം വർഷം, ദു:ഖ വർഷം.</u>**

1– കഅബയിൽ കെട്ടി തൂക്കിയ ചിതൽ തിന്ന് നശിപ്പിച്ച ഉപരോധത്തിന്റെ കരാർ എഴുതിയ ഫലകം പിച്ചി ചീന്തുകയും, ഉപരോധം പിൻവലിക്കുകയും ചെയ്യുന്നു.

2– 'ശിഹ്ബ് അബൂ ത്വാലിബ്' മലഞ്ചെരിവിൽ നിന്നും മുസ്ലിംകൾ വന്നതിന് ശേഷം അബൂത്വാലിബും, ഖദീജ(رضي الله عنها)യും മരണപ്പെടുന്നു.

3– സൗദാ ബിന്ത് സംഅ:(رضي الله عنها)യുമായുള്ള പ്രവാചകﷺന്റെ വിവാഹം

4– ഇസ്ലാമിക പ്രബോധനവുമായി പ്രവാചകൻﷺ ത്വാഇഫിലേക്ക് പോകുന്നു.

5– ഇസ്റാഉം, മിഅ്റാജും സംഭവിക്കുന്നു. ഈ യാത്രയിൽ വെച്ചാണ് അഞ്ച് നേരത്തെ നമസ്കാരം മുസ്ലിംകൾക്ക് നിർബ്ബന്ധമാക്കിയത്.

6– ഹജ്ജിന്റെ വേളയിൽ ഗോത്രങ്ങൾക്കിടയിൽ പ്രവാചകൻﷺ ഇസ്ലാമിനെ പരിചയപ്പെടുത്തുന്നു.

**<u>പ്രവാചകത്വത്തിന്റെ പതിനൊന്നാം വർഷം.</u>**

1– പ്രവാചകൻﷺ ആയിശാ(رضي الله عنها)യെ വിവാഹം കഴിക്കുന്നു.

2– ഹജ്ജിന് വന്ന ഖസ്റജ് ഗോത്രത്തിലെ ആറ് പേർക്ക് പ്രവാചകൻﷺ ഇസ്ലാമിനെ പരിചയപ്പെടുത്തുന്നു.

**<u>പ്രവാചകത്വത്തിന്റെ പന്ത്രണ്ടാം വർഷം.</u>**

1– ഒന്നാം അഖബ ഉടമ്പടി. ഔസ്, ഖസ്റജ് എന്നീ ഗോത്രത്തിൽ പെട്ട 12 പേർ ഇസ്ലാം സ്വീകരിക്കുന്നു.

2– പ്രവാചകൻﷺ മദീനയിലേക്ക് പ്രബോധനത്തിനായി മുസ്അബ്ബ്നു ഉമൈർﷺവിനെ പറഞ്ഞയക്കുന്നു.

**<u>പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം.</u>**

1– മുസ്ഹബ് ബ്നു ഉമൈർﷺ മുഖേന സഅദ്ബ്നു മുആദ്ﷺ ഇസ്ലാം സ്വീകരിക്കുന്നു.

2– രണ്ടാം അഖബാ ഉടമ്പടി. ഔസ് ഖസ്റജ് എന്നീ ഗോത്രത്തിൽ പെട്ട 73 പുരുഷന്മാരും രണ്ട് സ്ത്രീകളും മുസ്ലിംകളാകുന്നു.

3– പ്രവാചകൻﷺയുടെ നിർദ്ദേശ പ്രകാരം അൻസാരികളിൽ നിന്ന് 12 പേരെ നേതാക്കന്മാരായി തിരഞ്ഞെടുക്കുന്നു. ഔസ് ഗോ

ത്ര ത്തിൽ നിന്ന് 3 ഉം, ഖസ്റജിൽ നിന്ന് 9 പേരേയും.
4– യഥ്രിബി(മദീന)ലേക്ക് മുസ്ലീങ്ങൾ ഹിജ്റ പോകുവാൻ ആരംഭിക്കുന്നു.

5– പ്രവാചകൻﷺയെ വധിക്കുവാനായി ഖുറൈശികൾ ദാറുന്നദ്വയിൽ സമ്മേളിക്കുന്നു.

# മദീനാ കാലഘട്ടം

(ഹി: 1 മുതൽ 11 വരെ)

## ഹിജ്റയുടെ ഒന്നാം വർഷം:

1– പ്രവാചകൻﷺ മക്കയിൽ നിന്ന് അബൂബക്കർﷺവിന്റെ കൂടെ സ്വഫർ മാസം 27 ക്രിസ്താബ്ദം 622 ജൂലായ് 12–13 ന് മദീനയിലേക്ക് ഹിജ്റ പുറപ്പെട്ടു. അവർ രണ്ട്പേരും ഥൗർ ഗുഹയിൽ മൂന്ന് ദിവസം തങ്ങി.
2– റബിഉൽ അവ്വൽ 8 ശനിയാഴ്ച പ്രവാചകനും, അബൂബക്കറും ഖുബായിൽ എത്തുകയും അവിടെ ഇസ്ലാമിലെ ആദ്യത്തെ പള്ളിയായ ഖുബാ പള്ളി നിർമ്മിക്കുകയും, നാല് ദിവസം അവിടെ താമസിക്കുകയും ചെയ്തു.
3– റബീഉൽ അവ്വൽ 12 വെള്ളിയാഴ്ച പ്രവാചകൻﷺയും, അബൂബക്കർﷺവും മദീനയിൽ പ്രവേശിക്കുന്നു.
4– മദീനാ പള്ളി നിർമ്മാണവും, മുഹാജിറുകളുടെയും, അൻസാറുകളുടെയും ഇടയിൽ സൗഹാർദ്ദം ഉണ്ടാക്കുകയും ചെയ്യുന്നു.
5– ഇസ്ലാമിക പ്രബോധനത്തിനായി മദീനയെ സജ്ജമാക്കുകയും, ജൂത ഗോത്രങ്ങളുമായി കരാറുണ്ടാക്കുകയും ചെയ്തു.
6– ആയിശാ(رضي الله عنها)യുമായി പ്രവാചകൻﷺ വീടുകൂടി. അന്ന് ആയിശാ(رضي الله عنها)ക്ക് 9 വയസായിരുന്നു.

7– സൂറത്തുൽ ഹജ്ജിലെ 39–ാമത്തെ വചനമായ' 'യുദ്ധത്തിനിരയാകുന്നവർക്ക് അവർ മർദ്ദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു' എന്ന ആയത്തിന്റെ അടിസ്ഥാനത്തിൽ ഖുറൈശികളോട് യുദ്ധം ചെയ്യുവാനുള്ള അനുവാദം ലഭിക്കുന്നു.

## ഹിജ്റയുടെ രണ്ടാം വർഷം:

1– മുസ്ലികൾക്ക് നോമ്പ് നിർബ്ബന്ധമാക്കുന്നു.

2– സകാത്തും, സകാത്തുൽ ഫിത്വ്റും, പെരുന്നാൾ നമസ്കാരവും മുസ്ലിംകൾക്ക് നിർബ്ബന്ധമാക്കുന്നു.
3– മുസ്ലിംകൾക്ക് ജിഹാദ് നിർബ്ബന്ധമാക്കുന്നു. ശഅബാൻ മാസത്തിൽ മുസ്ലിംകളുടെ ഖിബ്‌ല ബൈതുൽ മുഖദ്ദസിൽ നിന്ന് മക്കയിലുള്ള കഅ്ബയായി നിശ്ചയിക്കുന്നു.
4– റമളാൻ 17 വെള്ളിയാഴ്ച ബദർ യുദ്ധം നടക്കുകയും, ആയിരത്തോളം വരുന്ന മുശ്‌രിക്കുകൾക്ക് എതിരിൽ മുന്നൂറ്റി പതിമൂന്നോളം വരുന്ന മുസ്ലിംകളെ അല്ലാഹു സഹായിക്കുന്നു. ഈ യുദ്ധത്തിൽ 14 പേർ മുസ്ലിംകളുടെ ഭാഗത്ത് നിന്ന് രക്ത സാക്ഷികളാവുകയും, മുശ്‌രിക്കുകളിൽ നിന്ന് 70 പേർ കൊല്ലപ്പെടുകയും, 70 പേരെ ബന്ധികളാക്കുകയും ചെയ്തു. കൊല്ലപ്പെട്ടവരിൽ അബൂജഹ്‌ലും, ഉമയ്യത്ബ്നു ഖലഫും ഉണ്ടായിരുന്നു.
5– മദീനയിൽ ആദ്യമായി മുസ്ലിംകളുടെ കൂട്ടത്തിൽ നിന്ന് അബ്ദുല്ലാഇബ്നു സുബൈർﷺ ജനിക്കുന്നു.
6– സൽമാൻ ഫാരിസി മുസ്ലിമാവുന്നു.
7– ബൈനുഖാഅ് ഗോത്രവുമായി യുദ്ധം നടക്കുകയും, 15 ദിവസം നീണ്ട് നിന്ന ഉപരോധത്തോടെ മദീനയിൽ നിന്ന് അവരെ തുരത്തുകയും ചെയ്യുന്നു.
8– അലിയ്യുബ്നു അബൂത്വാലിബ്ﷺ ഫാത്വിമാ(رضي الله عنها)വിനെ വിവാഹം കഴിക്കുന്നു.
9– ഉഥ്മാൻﷺവിന്റെ ഭാര്യയായിരുന്ന 21 വയസുണ്ടായിരുന്ന പ്രവാചക പുത്രി റുഖിയ്യ(رضي الله عنها ) മരണപ്പെടുന്നു.

**<u>ഹിജ്റയുടെ മൂന്നാം വർഷം:</u>**

1– ഉമർﷺവിന്റെ മകൾ ഹഫ്സ(رضي الله عنها)യെ പ്രവാചകൻﷺ വിവാഹം കഴിക്കുന്നു. അന്ന് ഹഫ്സ(رضي الله عنها)ക്ക് 19 വയസ്സായിരുന്നു.
2– ഉഹ്ദ് യുദ്ധം. ഉഹ്ദ് യുദ്ധത്തിന് പ്രവാചകൻﷺ തയ്യാറാക്കിയ സൈന്യത്തിന്റെ മൂന്നിലൊന്ന് പടയാളികളുമായി അബ്ദുല്ലാഹിബ്നു ഉബയ്യ്ബ്നു സുലൂൽ പിൻവലിയുന്നു. മുസ്ലിംകൾക്ക് ഉഹ്ദ് യുദ്ധത്തിൽ പരാജയം നേരിട്ടു. എഴുപത് സ്വഹാബികൾ ശഹീദുകളാവുന്നു. അവരിൽ ശുഹദാക്കളുടെ നേതാവായ ഹംസﷺവും, പിന്നെ അംറുബ്നൽ ജമൂഹ്ﷺവും, അനസ്ബ്നു നള്ർﷺവും, സഅ്ദ്ബ്നു റബീഹ്ﷺവും ശഹീദാകുന്നു.

3– ഫാത്വിമ(رضي الله عنها)വിന്റെ മകൻ ഹസൻബ്നു അലിയ്യ്ﷺന്റെ ജനനം.

4– പ്രവാചകൻﷺയുടെ പുത്രിയായ ഉമ്മുകുൽഥൂം(رضي الله عنها) വിനെ ഉഥ്മാൻﷺ വിവാഹം കഴിക്കുന്നു.

**ഹിജ്റയുടെ നാലാം വർഷം:**

1– 'റജീഹ്' എന്ന് പറയുന്ന സ്ഥലത്തുള്ളവർ ഖുർആൻ പഠിക്കുവാൻ ആളുകളെ ആവശ്യപ്പെടുകയും, അവർക്ക് വേണ്ടി തിരുമേനി 10 സ്വഹാബികളെ അയച്ച് കൊടുക്കുകയും ചെയ്തു, പക്ഷേ, ആ സ്വഹാബികളെ അവർ ചതിയിൽ വധിക്കുന്നു.

2– ദാരുണമായ ബിഅ്റ് മഊനാ സംഭവം, അതിൽ ഏകദേശം 69 സ്വഹാബികൾ ചതിയിലൂടെ വധിക്കപ്പെടുകയുണ്ടായി.

3– ബനൂ നളീർ യുദ്ധം നടക്കുകയും, അവരെ മദീനയിൽ നിന്ന് തുരത്തുകയും ചെയ്യുന്നു.

4– പ്രവാചകൻﷺ സൈനബ ബിൻത് ഖുസൈമ(رضي الله عنها)യെ വിവാഹം കഴിക്കുന്നു, അന്നവർക്ക് 30 വയസായിരുന്നു. വിവാഹം കഴിഞ്ഞ് മൂന്ന് മാസങ്ങൾക്ക് ശേഷം അവർ മരണപ്പെട്ടു.

5– പ്രവാചകൻﷺ ഉമ്മുസലമ(رضي الله عنها)യെ വിവാഹം കഴിക്കുന്നു, അന്ന് അവർക്ക് 29 വയസായിരുന്നു.

6– ഹുസൈൻ ബ്നു അലിയ്യ്ﷺ ജനിക്കുന്നു.

**ഹിജ്റയുടെ അഞ്ചാം വർഷം:**

1– 'അങ്ങനെ സൈദ് അവളിൽ നിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ അവളെ നാം നിനക്ക് ഭാര്യയാക്കിത്തന്നു' എന്ന വിശുദ്ധഖുർആനിലെ സൂറത്തുൽ അഹ്സാബിലെ 37–ാമത്തെ ആയത്തിലൂടെ ഏഴാനാകാശത്തിൽ നിന്നുമുള്ള അല്ലാഹുവിന്റെ കൽപന പ്രകാരം രക്ഷാധികാരിയും, സാക്ഷികളും കൂടാതെ പ്രവാചകൻﷺ സൈനബ ബിൻത് ജഹ്ഷ്(رضي الله عنها)യെ വിവാഹം കഴിക്കുന്നു.

2– ഖാൻന്തഖ് (അഹ്സാബ്) യുദ്ധം നടക്കുന്നു. 40 ദിവസം നീണ്ട് നിന്ന ഉപരോധത്തിലൂടെയും, അല്ലാഹു മുസ്ലിംകൾക്ക് സഹായമായി അയച്ച കാറ്റിലൂടെയും ശത്രുക്കൾക്ക് പരാജയം നേരേടിണ്ടി വന്നു.

3– ബനൂ ഖുറൈള യുദ്ധം. അവരെ 25 ദിവസം മുസ്ലിംകൾ ഉപരോധിച്ചു. ജൂതന്മാർ മുസ്ലിംകളുമായി ഉണ്ടാക്കിയ കരാർ അവർ ലംഘിച്ചപ്പോൾ പ്രവാചകൻﷺ സഅദ്ബ്നു മുആദിﷺന്റെ തീരു

മാന പ്രകാരം അവരിലെ പ്രായപൂർത്തിയെത്തിയ മുഴുവൻ പുരുഷന്മാരെയും വധിക്കുകയുണ്ടായി. അവർ ഏകദേശം 700 പേരുണ്ടായിരുന്നു.

4– ഖാന്ദഖ് യുദ്ധത്തിൽ സംഭവിച്ച മുറിവ് കാരണത്താൽ സഅദ്ബ്നു മുആദ്ﷺ രക്ത സാക്ഷിയാവുന്നു.

5– മുസ്ലിംകൾക്ക് ഹജ്ജും, സ്ത്രീകൾക്ക് ഇസ്ലാമിക പർദ്ദയും നിർബ്ബന്ധമാക്കുകയും, ദത്തു പുത്ര സമ്പ്രദായം നിരോധിക്കുകയും ചെയ്യുന്നു.

**ഹിജ്റയുടെ ആറാം വർഷം:**

1– പ്രവാചക പത്നി ആയിശാ(رضي الله عنها)യെ സംബന്ധിച്ചുള്ള അപവാദ പ്രചരണം നടക്കുകയും, സത്യവിശ്വാസികളുടെ മാതാവായ ആയിശാ(رضي الله عنها)യുടെ നിരപരാധിത്യം പ്രഖ്യാപിച്ച് കൊണ്ട് സൂറത്തുന്നൂർ ഇറങ്ങുകയും ചെയ്യുന്നു.

2– ജുവൈരിയ്യാ ബിന്ത് അൽഹാരിഥ്(رضي الله عنها)യെ പ്രവാചകൻ വിവാഹം കഴിക്കുന്നു. അന്ന് അവർക്ക് 20 വയസ്സായിരുന്നു.

3– ചരിത്ര പ്രധാനമായ ഹുദൈബിയ്യാ സന്ധിയും, ബൈഅത്ത് രിള്വാനും നടക്കുന്നു. സൂറത്തുൽ ഫത്ഹ് ഇറങ്ങുന്നു.

4– മദ്യം പരിപൂർണമായി നിരോധിക്കുന്നു. മുസ്ലിം സ്ത്രീകളെ മുശ്രിക്കുകൾ വിവാഹം കഴിക്കുന്നതും, മുശ്രിക്കുകളായ സ്ത്രീകളെ മുസ്ലിംകൾ വിവാഹം കഴിക്കുന്നതും വിരോധിക്കുന്നു.

5– ഹുദൈബിയയിൽ നിന്ന് തിരുമേനിﷺ മടങ്ങിയതിന് ശേഷം ഇസ്ലാമിലേക്ക് ക്ഷണിച്ച് കൊണ്ട് രാജാക്കന്മാർക്കും, നേതാക്കന്മാർക്കും കത്തുകളയക്കുന്നു.

**ഹിജ്റയുടെ ഏഴാം വർഷം:**

1– ജഅ്ഫറുബ്നു അബൂത്വാലിബുംﷺ, കൂട്ടുകാരും അബ്സീനിയയിൽ നിന്ന് മടങ്ങി വരുന്നു.

2– ഖൈബർ വിജയിച്ചടക്കുന്നു. തിരുമേനിയോടൊപ്പം 1400 പടയാളികളും, 200 കുതിരപ്പടയാളികളും ഉണ്ടായിരുന്നു. ആ യുദ്ധത്തിൽ 93 ജൂതന്മാർ കൊല്ലപ്പെടുകയും, 16 മുസ്ലിംകൾ രക്ത സാക്ഷികളാവുകയും ചെയ്തു.

3– ഉമ്മുഹബീബയെന്ന പേരിലറിയപ്പെടുന്ന അബൂ സുഫ്യാന്റെ മകളായ റംല(رضي الله عنها)യെയും, സ്വഫിയ്യാബിന്ത് ഹുയെയ്(رضي الله عنها) യേ യും, മൈമൂനാബിന്ത് അൽ ഹാരിഥി(رضي الله عنها) യേയും പ്രവാചകൻﷺ വിവാഹം കഴിക്കുന്നു.

4– ഉംറത്തുൽ ഖളാഅ് നിർവ്വഹിക്കുകയും, തിരുമേനിﷺ മൂന്ന് ദിവസം മക്കയിൽ താമസിക്കുകയും ചെയ്യുന്നു.
5– സൈനബബിൻതുൽ ഹാരിഥ: എന്നപേരിലറിയപ്പെടുന്ന ജൂത സ്ത്രീ പ്രവാചകന് നൽകിയ സൽക്കാരത്തിലെ ആട്ടിന്റെ മാംസത്തിൽ പുരട്ടിയ വിഷം പ്രവാചകന് ബാധിക്കുന്നു, പ്രവാചകൻﷺ അത് മനസ്സിലാക്കുകയും, അത് ഉപേക്ഷിക്കുകയും ചെയ്യുന്നു. ആ മാംസം ഭക്ഷിച്ച ബിശ്ർﷺ എന്ന് പറയുന്ന സ്വഹാബി മരണപ്പെടുകയും ചെയ്യുന്നു.

<u>**ഹിജ്റയുടെ എട്ടാം വർഷം:**</u>

1– ഖാലിദ്ബ്നുൽ വലീദും, അംറുബ്നുൽ ആസുംﷺ മുസ്ലിം കളാവുന്നു.
2– മുസ്ലിംകളും, റോമക്കാരും തമ്മിൽ മുഅ്ത: യുദ്ധം നടക്കുന്നു. ഈ യുദ്ധത്തിൽ മുസ്ലിംകളുടെ പ്രധാനികളായ മൂന്ന് സൈന്യാധിപന്മാർ ശഹീദുകളാവുന്നു. അവർ: സൈദ്ബ്നു ഹാരിഥ:, ജഅ്ഫറുബ്നു അബൂത്വാലിബ്, അബ്ദുല്ലാഇബ്നുറവാഹ:ﷺ എന്നിവരാണവർ. ജസീറത്തുൽ അറബിയക്ക് പുറത്തുള്ള മുസ്ലിംകളുടെ ആദ്യത്തെ യുദ്ധമാണ് ഇത്.
3– റമളാൻ പതിനേഴിന് 10000 യോദ്ധാക്കളുമായി മുസ്ലിംകൾ മക്ക വിജയിച്ചടക്കുന്നു. അബൂസുഫ്യാൻ മുസ്ലിമാവുകയും ചെയ്യുന്നു.
4– ഹുനൈൻ യുദ്ധം നടക്കുന്നു, ത്വാഇഫ് ഉപരോധിക്കുകയും ചെയ്യുന്നു.
5– പ്രവാചകൻﷺയുടെ മകൾ സൈനബ്(رضي الله عنها) മരണപ്പെടുന്നു. മാരിയത്തുൽ കിബ്ത്വിയ(رضي الله عنها)യിൽ നിന്ന് ഇബ്രാഹിംﷺ ജനിക്കുകയും ചെയ്യുന്നു.

<u>**ഹിജ്റയുടെ ഒൻപതാം വർഷം:**</u>

1– തബൂക്ക് യുദ്ധം നടക്കുന്നു. യുദ്ധ സൈന്യത്തിൽ നിന്ന് പിന്തിനിന്ന കഅ്ബ്നുമാലിക്, മുറാറബ്നു റബീഅ്, ഹിലാൽബ്നു ഉമയ്യﷺ എന്നിവരുമായി ബന്ധപ്പെട്ട സംഭവം. മദീനയിലേക്ക് ഇസ്ലാം സ്വീകരിക്കുവാനായി ലോകത്തിന്റെ നാനാഭാഗത്ത് നിന്ന് ധാരാളം സംഘങ്ങൾ വരുന്നു. ഈ വർഷം ഏകദേശം എഴുപതോളം സംഘങ്ങൾ മദീനയിലെത്തി.
2– പ്രവാചകൻﷺയുടെ മക്കളായ ഉമ്മുകുൽഥൂം(رضي الله عنها), 16 മാസം പ്രായമായിരുന്ന ഇബ്രാഹിംﷺ എന്നിവർ മരണപ്പെടുന്നു.

3– സൂറത്തുൽ ബറാഅ: ഇറങ്ങുന്നു. മസ്ജിദുന്നബവിക്ക് സമാന്തരമായി മുസ്ലീങ്ങൾക്കിടയിൽ കുഴപ്പങ്ങളുണ്ടാക്കുവാനായി മുനാഫിഖുകൾ നിർമ്മിച്ച മസ്ജിദുളിറാർ തകർക്കുകയും ചെയ്യുന്നു.

4– പ്രവാചകൻﷺ അബൂബക്കർ സിദ്ധീഖ്ﷺവിനെ മുസ്ലിംകൾക്ക് ഹജ്ജിന്റെ അമീറായി നിയോഗിക്കുന്നു.

5– മദീനയിലെ കപടവിശ്വാസികളുടെ നേതാവായിരുന്ന അബ്ദുല്ലാഇബ്നു ഉബയ്യ്ബ്നു സുലൂൽ മരണപ്പെടുന്നു.

**<u>ഹിജ്റയുടെ പത്താം വർഷം:</u>**

1– പ്രവാചകത്വം വാദിച്ച്കൊണ്ട് മുസെയിലിമത്തുൽ കസാബിന്റെ രംഗപ്രവേശനം. അദ്ദേഹം മദ്യവും, വ്യഭിചാരവും അനുവദനീയമാക്കുന്നു.

2– പ്രവാചകൻﷺയുടെ ഹജ്ജത്തുൽ വിദാഅ്: (വിടവാങ്ങൽ ഹജ്ജ്) തിരുമേനിﷺ 100000 സ്വഹാബികളെﷺ സാക്ഷികളാക്കി പ്രസംഗിക്കുന്നു.

3– റോമാക്കാരോട് യുദ്ധം ചെയ്യുവാനായി ഉസാമത്ബ്നു സൈദിﷺന്റെ നേതൃത്വത്തിൽ സൈന്യത്തെ തയ്യാറാക്കുന്നു.

**<u>ഹിജ്റയുടെ പതിനൊന്നാം വർഷം:</u>**

1– പ്രവാചകത്വം വാദിച്ചിരുന്ന അസ്വദുൽ ഹൻസി കൊല്ലപ്പെടുകയും, 'സുജാഹ്' പ്രവാചകത്വം വാദിക്കുകയും ചെയ്യുന്നു.

2– പതിനാല് ദിവസം നീണ്ട് നിന്ന രോഗത്താൽ റബീഉൽ അവ്വൽ 12 തിങ്കളാഴ്ച പ്രവാചകൻﷺ മരണപ്പെടുന്നു. അന്ന് തിരുമേനിക്ക്ﷺ 63 വയസായിരുന്നു. ആയിശാ(رضي الله عنها)യുടെ വീട്ടിൽ തിരുമേനിﷺയെ മറമാടുകയും ചെയ്തു.

3– അബൂബക്കർ സിദ്ധീഖ്ﷺവിനെ ഖലീഫയായി തിരഞ്ഞെടുക്കുന്നു.

# <u>പ്രവാചകൻﷺയുടെ കുടുംബം</u>

**<u>പ്രവാചകൻﷺയുടെ പത്നിമാർ:</u>**

1– ഖദീജാ ബിന്ത് ഖുവൈലിദ്(رضي الله عنها)

2– സൗദാ ബിന്ത് സംഅ:(رضي الله عنها )

3– ആയിശാ ബിന്ത് അബൂബക്കർ(رضي الله عنها)

4– ഹഫ്സാ ബിന്ത് ഉമർ(رضي الله عنها)

5– സൈനബ ബിന്ത് ഖുസൈമ(رضي الله عنها)

6– സൈനബ ബിന്ത് ജഹ്ഷ്(رضي الله عنها)

7– ജുവൈരിയാ ബിന്ത് അൽ ഹാരിഥ്(رضي الله عنها)

8– ഉമ്മുഹബീബാ റംലാ ബിന്ത് അബൂസുഫ്യാൻ(رضي الله عنها )

9– സ്വഫിയാ ബിന്ത് ഹുയൈയ്(رضي الله عنها)

10– ഉമ്മുസലമ ഹിന്ത് ബിന്ത് അബൂഉമയ്യ:(رضي الله عنها )

11– മൈമൂനാ ബിന്ത് അൽ ഹാരിഥ്(رضي الله عنها).

**അടിമ സ്ത്രീകൾ:**

1– മാരിയത്തുൽ കിബ്ത്വിയ:(رضي الله عنها )

2– റൈഹാനാബിന്ത് സൈദ് അന്നള്രിയ:(رضي الله عنها )

**പ്രവാചകൻﷺയുടെ സന്താനങ്ങൾ:**

1– അൽ ഖാസിംﷺ.
2– അബ്ദുല്ലാഹ്ﷺ (ത്വയ്യിബ്. ത്വാഹിർ)
3– ഇബ്രാഹിംﷺ

4– സൈനബ്(رضي الله عنها)– ഇവരുടെ ഭർത്താവ് അബുൽ ആസ്വ് ബ്നു റബീഹ്

5– റുഖിയ്യ:(رضي الله عنها) ഇവരുടെ ഭർത്താവ് ഉഥ്മാനുബ്നു അഫ്ഫാൻﷺ

6– ഉമ്മുകുൽഥൂം(رضي الله عنها)ഇവരുടെ ഭർത്താവ് ഉഥ്മാനുബ്നു അഫ്ഫാൻﷺ [ റുഖിയ്യ (رضي الله عنها)യുടെ മരണ ശേഷം ]

7– ഫാത്വിമ: (رضي الله عنها) ഇവരുടെ ഭർത്താവ് അലിയ്യുബ്നു അബൂ ത്വാലിബ്ﷺ.

മാരിയതുൽ ഖിബ്ത്വിയ(رضي الله عنها)യിൽ നിന്ന് ജനിച്ച ഇബ്രാഹിം ﷺ എന്ന കുട്ടി ഒഴിച്ച് മറ്റുള്ള പ്രവാചകൻﷺയുടെ മുഴുവൻ സന്താന ങ്ങളും ജനിച്ചത് ഖദീജാ(رضي الله عنها)യിൽ നിന്നാണ്.

**പ്രവാചകൻﷺയുടെ പേരക്കുട്ടികൾ:**

1- സൈനബ(رضي الله عنها)യിൽ നിന്ന്: അലിﷺയും, (2-)ഉമാമ യും (ﷺ) ജനിക്കുകയുണ്ടായി.

3- റുഖിയ്യ(رضي الله عنها)യിൽ നിന്ന്: അബ്ദുല്ലാഹ്ﷺ ജനിച്ചു. ഇവർ ചെറുപ്പത്തിൽ തന്നെ മരണപ്പെടുകയുണ്ടായി.

4- ഫാത്വിമ(رضي الله عنها)യിൽ നിന്ന്: ഹസൻﷺ 5- ഹുസൈൻﷺ 6- ഉമ്മുകുൽഥൂം(رضي الله عنها) 7- സൈനബ്(رضي الله عنها)എന്നിവരും ജനിക്കുകയുണ്ടായി.

**പ്രവാചകൻﷺക്ക് മുലകുടിയിലൂള്ള സഹോദരി സഹോദരങ്ങൾ:**

1- ഹലീമ അസ്സഹ്ദിയയുടെ മക്കളായ അബ്ദുല്ലാഹ്, (2)- അനീസാ, (3)- ശൈമാഅ് എന്നിവരും. അബൂലഹബിന്റെ അടിമയായിരുന്ന സുവൈബയിൽ നിന്നുമുള്ള (4)- മസ്റൂഹ്ബ്നു സുവൈബ (5)- ഹംസ ഇബ്നു അബ്ദുൽ മുത്തലിബ്ﷺ, (6)- അബ്ദുല്ലാഇബ്നു ജഹ്ശ്ﷺ എന്നിവരാണ് പ്രവാചകൻﷺക്ക് മുലകുടിയിലൂടെ ലഭിച്ച സഹോദരീ സഹോദരന്മാർ.

**പ്രവാചകൻﷺയുടെ എളാപ്പമാർ:**

1- അൽ ഹാരിഥ്, (2)- ളിറാർ, (3)- അബൂലഹബ്, (4)- അബൂത്വാലിബ്, (5)- ഹജൽ, (6)- സുബൈർ എന്നിവരും, മുസ്ലിംകളായ: (7)- അബ്ബാസ്ﷺ, (8)- അൽമുഖ്വിംﷺ, (9)- ഹംസﷺ എന്നിവരുമാണ് പ്രവാചകൻﷺയുടെ എളാപ്പമാർ.

**പ്രവാചകൻﷺയുടെ എളാമമാർ:**

1- ആതിക്ക (2)- ഉമ്മു ഹഖീം, (3)- ഉമൈമ, (4)- ബർറ എന്നിവരും, മുസ്ലിംകളായ (5)- സ്വഫിയ്യ(رضي الله عنها )യും, (6)- അർവ്വ(رضي الله عنها)യുമാണ് പ്രവാചകൻﷺയുടെ എളാമമാർ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين